➩ *കയറിചെല്ലുന്നതനുസരിച്ച് എന്തെന്നില്ലാതെ ഹൃദയഭാരം വർദ്ധിച്ചുകൊണ്ടിരുന്നു* ➩

**മൂന്ന്** വർഷങ്ങൾക്കുമുമ്പ്, എഴുപത് പേരടങ്ങുന്ന ഒരു വലിയ യാത്രീസംഘത്തോടൊപ്പം, ഒരു ഹിമാലയ യാത്രയിൽ ചേർന്ന് ഹരിദ്വാറും ഋഷികേശും കടന്ന്, ചതുർധാമങ്ങളിലേക്കുള്ള വഴിയിൽ ഇത്തിരി ദൂരം യാത്ര ചെയ്തതിന്റെ അനുഭവം സമീപകാലത്തു സംഭവിച്ച 'ഹിമാലയൻ സുനാമിയുടെ' പശ്ചാത്തലത്തിൽ ഒന്നുകൂടി ഓർത്തെടുക്കുകയാണിവിടെ.

ആ യാത്രയ്ക്കൊരുങ്ങുമ്പോഴുണ്ടായ സന്ദേഹങ്ങളും, ഉയരങ്ങളിലേക്കു പോകുന്നതനുസരിച്ച്, കാഴ്ചകൾ ഉള്ളിൽ വളർത്തിയ വേദങ്ങളും ഉൾക്കിടിലങ്ങളും അസ്ഥാനത്തായിരുന്നില്ലെന്ന് ഈ ദുരന്തം തിരിച്ചറിവ് പകരുന്നു.

# അന്നത്തെ സംശയങ്ങൾക്ക് ഈ ദുരന്തം മറുപടി നൽകുന്നു

മൂന്ന് വർഷം മുമ്പ് ഹിമാലയ വഴിയിൽ യാത്രചെയ്യവെ, മനുഷ്യർ ചെയ്തുകൂട്ടുന്ന ആത്മഹത്യാപരമായ പ്രവർത്തികളുടെ കാഴ്ചകൾ ഉള്ളിലുണ്ടാക്കിയ ആഘാതങ്ങളുടെ ആഴം കൂട്ടുകയാണ് ഇപ്പോഴത്തെ ഉത്തരാഖണ്ഡ് ദുരന്തം.

**സി. രാജഗോപാലൻ**

കാളിദാസൻ മുതൽ കലമണ്ഡലം രാമൻകുട്ടിനായർ വരെയുള്ളവർ പറഞ്ഞും പാടിയും ആടിയും ഉള്ളിൽ വളർത്തിയ സങ്കല്പ ഹിമാലയങ്ങൾക്കും മാനസസരോവരങ്ങൾക്കും ഊനം തട്ടുമോ എന്നതായിരുന്നു യാത്രയ്ക്കൊരുങ്ങുന്നനേരത്തെ സ്വകാര്യ സന്ദേഹങ്ങളിലൊന്ന്. ഉയരങ്ങളിലേക്ക് ചെല്ലുന്തോറും അധികമധികം വിമലമായിത്തീരുന്ന ഭൂമിയിലെ ഇടങ്ങളെ എന്റെ നിശ്വാസം കൊണ്ടുപോലും മലിനമാക്കിക്കൂടാ എന്ന് ഉള്ളിന്റെയുള്ളിൽ നിന്നും ആരോ പറഞ്ഞുകൊണ്ടിരുന്നതിനാൽ കയറിചെല്ലുന്നതനുസരിച്ച് എന്തെന്നില്ലാതെ ഹൃദയഭാരം വർദ്ധിച്ചുകൊണ്ടിരുന്നതാണ് മറ്റൊന്ന്.

എത്രയോ നൂറ്റാണ്ടുകളായി മനുഷ്യർ തപസ്സോടെയും പ്രാർത്ഥനയോടെയും മാത്രം സ്പർശിച്ച 'ഉയർന്ന' ഇടങ്ങളിൽ, യാത്രാ-മൂലധന-വാണിജ്യശക്തികൾ നിമിത്തമായി മനുഷ്യർ ചെയ്തുകൂട്ടുന്ന ആത്മഹത്യാപരമായ പ്രവർത്തികളുടെ മൂർത്തമായ കാഴ്ചകൾ ഉള്ളിലുണ്ടാക്കിയ ഞടുക്കവും കിടിലവുമായിരുന്നു ഏറ്റവും പ്രകടമായി അനുഭവപ്പെട്ട സംഗതി.

സംസ്കൃതമറിയാതിരുന്നിട്ടുകൂടി "അത്യുത്തരസ്യം ദിശി ദേവതാത്മാ ഹിമാലയോനാമ നഗാധിരാജ" എന്നു കേൾക്കുന്ന മാത്രയിൽ ഭൂമിയിൽ നിന്നും സ്വയം തെല്ല് ഉയർന്നതിനു സമമായ അനുഭൂതിയാണ് ഉള്ളിലുണരുന്നത്. മനുഷ്യൻ നിമിത്തമായോ അല്ലാതെയോ ഉള്ള ഒരു കളങ്കവും നഷ്ടപ്പാടുകളും അടയാളപ്പെടരുത്താത്ത വിധമുള്ള അഭൗമതയും അന്യൂനതയുമാണ് ആ സങ്കല്പ ഹിമാലയത്തിനുള്ളത്. കഥകളി ഭ്രമക്കാരനായ ഒരാൾ ഹിമാലയം കണ്ടു മട



ശാസ്ത്രവും സാങ്കേതികതയും വെന്നിക്കൊടി പാറിക്കുന്നതിനിടയിൽ അസ്തമിച്ചുപോകുന്നത് മനുഷ്യന്റെ സാമാന്യവിവേകമാണ് എന്ന് തോന്നിപ്പിക്കുന്ന കാഴ്ചകൾ

ങ്ങിവന്ന സന്ദർഭത്തിൽ “എങ്ങിനെയുണ്ട് ഹിമാലയം?” ചോദ്യത്തിന് ഇങ്ങനെ മറുപടി നൽകിയത്രെ. “എന്തായാലും കലാമണ്ഡലം രാമൻ കുട്ടിനായർ കാണിച്ചുതന്ന ഹിമാലത്തോളം വരില്ല!.”ഹിമാലയത്തിലേക്കുള്ള യാത്രാവിവരണ ഗ്രന്ഥങ്ങൾ ധാരാളമായി പുറത്തുവരികയും അവ ജനകീയമായി വായിക്കപ്പെട്ട് തുടങ്ങുകയും ചെയ്തതോടെയാണ് ഉയരങ്ങളിലെ പ്രകൃതി സൗന്ദര്യങ്ങളും ആത്മീയമായ അത്ഭുതങ്ങളും തേടി മലയാളികൾ ധാരാളമായി അങ്ങോട്ടു പ്രവഹിച്ചു തുടങ്ങിയത്. രാജ്യമെങ്ങും സമാനമായ അവസ്ഥയുണ്ടായിരിക്കാം.

സങ്കല്പത്തിൽ ഹിമാലയ ഭൂമികളുടെ നിറം ആകാശവിതാനങ്ങളിലെ ഹിമവെണ്മയും, അതിനുകീഴെ തിളങ്ങുന്ന പുൽപ്പച്ചകളുടെ ചെരിവുകളും അതിനും താഴെ ഇടതൂർന്ന വനപ്രകൃതിയുമാണ്. എന്നാൽ ഋഷികേശിൽ നിന്നും ഹിമാലയവഴിയിലൂടെയുള്ള യാത്ര ആരംഭിച്ചതുമുതൽ സങ്കല്പ സൗന്ദര്യങ്ങളൊക്കെയും ഇടിഞ്ഞൊലിക്കുവാൻ തുടങ്ങി. മെയ് മാസാന്ത്യത്തിലെ തിളയ്ക്കുന്ന ചൂടിൽ വാഹനത്തിനകത്തിരുന്ന് നീറിപുകഞ്ഞു. മലകൾക്കിടയിലുള്ള ആഴത്തിലൂടെ വളഞ്ഞുപുളഞ്ഞ്, താഴ്‌വര നോക്കി ചടുലമായി ഒഴുകുന്ന ഗംഗ. വെന്തുരുകുന്ന ചൂടിലും ഒരു ഒഴുക്കിന്റെ കുളിർമ്മ ഋഷികേശിൽ നിന്നും തൊട്ടറിഞ്ഞതാണ്. ആ പ്രവാഹത്തിന്റെ നേരെ എതിർ ദിശയിൽ (ഗംഗമല ഇറങ്ങി വരുന്നതിന്റെ) തീരം ചേർന്ന് മലവെള്ളയിലൂടെ ഇഴഞ്ഞു കയറിപ്പോകുന്നു ചതുർധാമങ്ങളിലേക്കുള്ള വഴികൾ.

മരമെന്നല്ല ഒരു പച്ചപ്പുൽ നാമ്പുപോലുമില്ലാതെ, തൂവൽ പറിച്ച് തീയിൽ കാണിച്ച പക്ഷിയുടെ മൃതപിണ്ഡം പോലെ ഒന്നൊന്നായി മാമലകൾ!. ഒട്ടേറെ ചോദ്യങ്ങൾ അപ്പോൾ മനസ്സിലുയർന്നു. യാത്രാവിവരണ ഗ്രന്ധങ്ങളിലൊന്നും ഈ കാഴ്ചകൾക്ക് ഉത്തരമുള്ളതായി ഓർക്കുന്നില്ല. പണ്ടേ ഇങ്ങനെയായിരുന്നുവോ ഹിമാലയതടം? ആവാനിടയില്ല. പ്രസിദ്ധ നായാട്ടുകാരനായിരുന്ന ജിം കോർബറ്റ് അര നൂറ്റാണ്ടുമുമ്പ് നരിയേയും പുലിയേയും പിന്തുടർന്ന ഘോരവനങ്ങളായിരുന്ന ഇടങ്ങളല്ലേ പിന്നീട് ഇങ്ങനെയായിത്തീർന്നത്. അല്ല, ആക്കിത്തീർന്നത്!

ഹിമാലയതടങ്ങളിലെ വനനശീകരണം വാർത്തയല്ലാതായി മാറിയത് നശിപ്പിക്കാനായി ഒന്നും ബാക്കിയില്ലാതായപ്പോഴായിരിക്കണം. അയ്യായിരം-ആറായിരം അടി ഉയരം ചെല്ലുവോളം (മഞ്ഞിന്റെ നേർമ്മകൾ മലകളെ പുതപ്പിക്കുന്ന വിതാനത്തോളം) കാണുന്നത്, പല വലിപ്പത്തിലുള്ള കല്ലുകളും പാറകളും പൊടിമണ്ണും കൂനകൂട്ടിയതുപോലുള്ള കുന്നിൻ നിരകൾ മാത്രം. ചെങ്കുത്തായ അവയുടെ ചെരിവുകളിൽ പലയിടങ്ങളിലായി നട്ടുവെച്ച ഇടതിങ്ങിയ എടുപ്പുകൾ. കാഴ്ചയിൽത്തന്നെ ആരെയും വിമ്മിഷ്ടപ്പെടുത്തും അവയുടെ നിൽപ്പ്. നാഗരികതയും വികസനവും ആധുനിക കാലത്തെ അന്ധവിശ്വാസമായിപ്പടർന്നതിനൊപ്പം ജനസംഖ്യാപ്പെരുപ്പം കൂടിച്ചേർന്നപ്പോഴായിരിക്കണം മനുഷ്യൻ ചവിട്ടിനിൽക്കുന്ന ഭൂമിയേയും തലക്കുമുകളിലുള്ള ആകാശത്തെയും പാടെ മറക്കുന്ന ഇത്തരം ജീവിതങ്ങളിലേക്ക് കൂട്ട

ത്തോടെ വീണു തുടങ്ങിയത്. ശാസ്ത്രവും സാങ്കേതികതയും വെന്നിക്കൊടി പാറിക്കുന്നതിനിടയിൽ അസ്തമിച്ചുപോകുന്നത് മനുഷ്യന്റെ സാമാന്യവിവേകമാണ് എന്ന് തോന്നിപ്പിക്കുന്ന കാഴ്ചകൾ.

മഹാകാലങ്ങളുടെ ഗണനപ്പട്ടികയിൽ ഉടലുറപ്പുവന്നിട്ടില്ലാത്ത കിളിന്തു ദേഹമത്രെ ഹിമാലയത്തിന്റേത്. എല്ലാവിധ ഭൗതിക ഭാരങ്ങളെയും കുടഞ്ഞെറിഞ്ഞുവേണം ഈ പർവ്വതസാനുക്കളെ തീണ്ടുവാൻ എന്നത് ആധ്യാത്മികതയുടെ പാഠം മാത്രമല്ല, ഭൂമിശാസ്ത്രപരമായും ശരിയാണ്. ആ സത്യം അവഗണിച്ച്, പുതിയ കാലം അതിന്റെ യന്ത്രശക്തികളെയും കോൺക്രീറ്റ് ബലിഷ്ഠതകളെയും ഹിമാലയത്തിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചാൽ അനന്തരഫലം ദുരന്തപൂർണ്ണമായിരിക്കും എന്ന് ഹിമാലയൻ സുനാമികൾ നമ്മെ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. ആദിമമായ ശിലാതടങ്ങളിലൂടെയുള്ള പ്രചണ്ഡമായ ഹിമവൽ പ്രവാഹങ്ങളെ, മനുഷ്യൻ അവന്റെ ഇച്ഛയ്ക്കൊത്ത് തടുത്തുവെക്കാൻ ശ്രമിക്കുന്നതിലെ പോഴത്തം കൂടി വെളിവാക്കാൻ പോന്നതാണ് ഇത്തവണത്തെ പ്രളയകാരണമായ കാലാവസ്ഥ പ്രതിഭാസം. പ്രവൃത്തിമോശങ്ങളിലൂടെ വരുത്തിവെക്കുന്ന ദുരന്തങ്ങളെ തടുക്കാൻ പ്രവചനങ്ങൾ കൊണ്ട് സാധിക്കുന്നില്ലയെന്നതും പഠിച്ചെടുക്കേണ്ട പാഠമാണ്.

ചതുർധാമങ്ങളിലേക്കുള്ള വഴികളൊക്കെയും ഗംഗയുടെ പോഷക നദികളായ ഭാഗീരഥി, അളകനന്ദ, മന്ദാകിനി തുടങ്ങിയ നദികളുടെ തീരങ്ങളിലൂടെയാണ്. പഞ്ചപ്രയാഗകൾ ഉൾപ്പെടെ വിശ്രുതമായ അനേകം സ്നാനഘട്ടങ്ങളും തീർത്ഥസ്ഥാനങ്ങളും ഇവയുടെ തീരങ്ങളിൽ തന്നെ. തീർത്ഥാടനം ടൂറിസവും വ്യവസായവുമായി തീർന്നതോടെ, തീർത്ഥാടനത്തിന്റെ പ്രകൃതിക്കും സംസ്കൃതിക്കും ഒട്ടും ഇണങ്ങാത്ത നാഗരിക വളർച്ചകളാണ് ചതുർധാമ വഴികളിൽ വളർന്നു വന്നത്. പ്രകടമായ ആ അരുതായ്മകളെ തുടച്ചുമായ്ക്കാൻ ഹിമാലയം ശ്രമിക്കുകയായിരുന്നുവോ എന്ന് തോന്നുന്ന വിധത്തിലാണ് ഇത്തവണത്തെ ദുരന്തകാഴ്ചകൾ. കാലാവസ്ഥാ പ്രവാചകരുടെ യന്ത്രക്കണ്ണുവെട്ടിച്ച്, പതിവിലും ഒരു മാസം മുൻപേ ഒരു മഹാപ്രളയത്തെ ഗർഭം ധരിച്ച മഴമേഘങ്ങൾ ഒരേ സമയം രണ്ടുവഴിയിലൂടെ, ബംഗാൾ ഉൾക്കടലിൽ നിന്നും അറിബിക്കടലിൽ നിന്നും ചതുർധാമ ഹിമാലയത്തിന്റെ ആകാശത്തിലേക്ക് പാഞ്ഞെത്തിയത് വെറും ഇരുപത്തിനാലു മണിക്കൂറുകൊണ്ടത്രെ. നാല്പത്തെട്ടുമണിക്കൂറിനകം ജൂൺ15, 16 തീയതികളിൽ ശരാശരി 40 മുതൽ 50 വരെ സെന്റിമീറ്റർ മഴയാണ് കേദാർനാഥിലും ജോഷിമഠിലും മറ്റും പെയ്തത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. (മഴ മാപിനികൾ സ്ഥാപിക്കപ്പെട്ട 2000 മീറ്ററിലും താഴെയുള്ള പ്രദേശങ്ങളിലെ കണക്കാണിത്. ഇതിലും എത്രയോ ഉയരെ നിന്നും മണ്ണും പാറക്കല്ലുമായി പ്രളയജലം ഒഴുകിപ്പുറപ്പെട്ട ഇടങ്ങളിലെ മഴക്കണക്ക് ആരും എടുത്തിട്ടുമില്ല).

മന്ദാകിനിയിലെയും അളകനന്ദയിലെയും മിന്നൽ പ്രളയത്തിൽ ഒഴുകിവന്നത് വെള്ളത്തേക്കാളധികം മണ്ണും കല്ലുമായിരുന്നു. ഇനിയൊരിക്കലും ഈ നദികളുടെ തീരവിഹാരം മുമ്പത്തേതുപോലെയായികൂടാ എന്ന് പ്രകൃതി നിശ്ചയിച്ചുറപ്പിച്ചതുപോലെയുണ്ട് പ്രളയാന്തരകാഴ്ചകൾ. പ്രവാഹവഴികളിലുടനീളം ശരാശരി 6.7 അടി ചെളിയാണ് അടിഞ്ഞുപൊന്തിയിരിക്കുന്നത്. മനുഷ്യനുണ്ടാക്കിയ സകലവും കണക്കെടുക്കാനാവാത്ത ജീവനുകൾക്കൊപ്പം ആ മണ്ണിൽ അടിപ്പെട്ടു കിടക്കുന്നു. മനുഷ്യന്റെ നാഗരിക നിർമ്മിതകളെയും യന്ത്രശക്തി പ്രഭാവങ്ങളെയും എല്ലാനിലക്കും ഹിമാലയം നിരാകരിക്കുന്നു എന്ന മൗലികപാഠമാണ് ആധുനിക സമൂഹം പ്രളയദുരന്തത്തിൽ നിന്നും പഠിക്കേണ്ട വിവേക പൂർണ്ണമായ പാഠം.

**ഉത്തര(ാ)ഖണ്ഡം:**

തിന്നും കുടിച്ചും ഉല്ലസിച്ച് ഹിമാലയത്തിലേക്ക് കയറിപ്പോകുന്ന ടൂറിസ്റ്റുകളെ പേറുന്ന, കനത്ത ടയറുകളും കൂളിംഗ്ലാസുകളും പിടിപ്പിച്ച് ശീതികരിച്ച വാഹനങ്ങളുടെ നീണ്ടനിര ഹിമാലയത്തിലേക്ക് പുകതുപ്പിക്കയറുമ്പോൾ അതിനോട് ചേർന്ന് നിരത്തിനോരംപറ്റി മറ്റൊരു കാഴ്ച കൂടി കാണാമായിരുന്നു. ചെരുപ്പിടാത്ത പാദങ്ങളാൽ, പൊള്ളുന്ന ഭൂമിയിൽ മൃദുവായിചവിട്ടി ഹിമാലയത്തിലേക്ക് നിസ്സംഗ-ശാന്തരായി നടന്നു നീങ്ങുന്ന, ഉടലാകെ ഭസ്മം പൂശിയ പരിപൂർണ്ണ നഗ്നരായ നാഗസന്ന്യാസിമാർ. ചാരംപൂശിയ ആ ഉടലുകളിൽ നഗ്നത തിരിച്ചറിയാപ്പെടാതെ പോകുന്നത് ഇത്തിരി അത്ഭുതത്തോടെ ആരും പിന്നീട് ഓർത്തെടുക്കും. വെറും മണ്ണിലൂടെ, മേലുടപ്പുകൾ ഒന്നുമില്ലാതെ നടക്കുന്ന ആ മനുഷ്യരുടെ കണ്ണിൽ സൂക്ഷിച്ചുനോക്കിയാൽ നമുക്കു കിട്ടും പ്രളയദുരന്തങ്ങളെക്കുറിച്ചുള്ള മുന്നറിവുകളും കാരണങ്ങളും. അതിനുള്ള നേരും ധീരതയും ബാക്കിയുണ്ടോ നമ്മളിൽ എന്നതാണ് പ്രസക്തമായ ചോദ്യം. ■